പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 2255

26.03.2013ൽ
മറുപടിക്ക്.

**അതിവേഗ റയിൽപാത**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) കേരളത്തിലെ നിലവിലുള്ള ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) തലസ്ഥാന നഗരിയിൽ നിന്ന് മലബാറിൽ പോയി തിരിച്ചെത്താൻ രണ്ട് ദിവസം യാത്രക്കായി മാത്രം നഷ്ടപ്പെടുന്നതിനാൽ മലബാറിന്റെ വികസന മുന്നേറ്റത്തിന് ഈ പ്രശ്നം തടസ്സമായി നിൽക്കുന്ന കാര്യം അറിയാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി)തെക്കൻ കേരളത്തിലെത്തുന്ന ടൂറിസ്റ്റുകളും വ്യവസായ പ്രമുഖരും യാത്രാക്ലേശം കാരണം മലബാറിനെ ഉപേക്ഷിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും ഐ.ടി. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള തൊഴിൽ അന്വേഷകർക്കും അതിവേഗതയുള്ള യാത്രാ സൗകര്യം കൂടുതൽ ഗുണം ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) ഇതിനായി ഒരു അതിവേഗ റെയിൽപ്പാത തിരുവനന്തപുരം മുതൽ കാസർകോഡ് വരെ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഇ) | ഉണ്ട് |
| (എഫ്) ഇതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എഫ്) | തിരുവനന്തപുരം മുതൽ കാസർകോഡ് വരെയുള്ള അതിവേഗ റെയിൽ പദ്ധതിയുടെ സാദ്ധ്യതാപഠനം ഡി.എം.ആർ.സി നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ